**സബ്മിഷൻ**

(1) <u>ചവറ പ്രകൃതി വാതക സംഭരണ കേന്ദ്രം</u>

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ഗെയിൽ പ്രകൃതി വാതക വിതരണത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേരളത്തിൽ വേഗത്തിലും പുരോഗതിയിലുമാണ് നടക്കുന്നതെന്ന് മനസ്സിലാക്കുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലൂടെ ഗെയിൽ പൈപ്പ് ലൈൻ തെക്കൻ കേരളത്തിലും എത്തുന്നുവെന്ന് അറിയുന്നു. ഇതിന്റെ ഭാഗമായി ചവറയിൽ ഒരു സംഭരണകേന്ദ്രം നിർമ്മിക്കുവാൻ പദ്ധതിയുണ്ടാകുമോ എന്നതാണ് എന്റെ സബ്മിഷൻ.

പന്മന പഞ്ചായത്തിൽ ദേശീയ പാതയിൽനിന്നും ഒന്നര കിലോമീറ്റർ മാറി നിർദ്ദിഷ്ട തീരദേശ ഹൈവേയോടും ദേശീയ ജലപാതയോടും ചേർന്നുകിടക്കുന്ന 38 ഏക്കർ സ്ഥലമുണ്ട്. ഇവിടം മുമ്പ് ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ അധീനതയിൽ ഒരു സംഭരണകേന്ദ്രമായി പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ ഉപയോഗയോഗ്യമല്ലാതെ കിടക്കുന്നതിനാൽ ഗെയിൽ പ്രകൃതി വാതക സംഭരണകേന്ദ്രമായി ഏറ്റെടുക്കാവുന്നതാണ്. ഗതാഗത സൗകര്യവും മറ്റെല്ലാ ഭൗതിക

സാഹചര്യങ്ങളും ചുറ്റുമതിലുമടക്കമുള്ള ഈ പ്രദേശം ഗാർഹിക ആവശ്യത്തിനുള്ള പ്രകൃതിവാതക സംഭരണ കേന്ദ്രമായി സ്ഥാപിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ പ്രകൃതി വാതക വിതരണത്തിനായി ഗെയിലിന്റെ ആഭിമുഖ്യത്തിൽ പൈപ്പ് ലൈൻ ശൃംഖല സ്ഥാപിക്കുന്നില്ല. അതേസമയം സിറ്റി ഗ്യാസ് വിതരണ സംവിധാനം നടപ്പിലാക്കുന്നതിന് AgNP പ്രദം എന്ന കമ്പനിയെ പെട്രോളിയം ആൻഡ് നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. സിറ്റി ഗ്യാസ് വിതരണ സംവിധാനത്തിന് ലിക്വിഫൈഡ് കംപ്രസ്ഡ് നാച്വറൽ ഗ്യാസ് സ്റ്റേഷനാണ് സ്ഥാപിക്കേണ്ടത്. ഇതിന് ഒരേക്കർ സ്ഥലം മാത്രമാണ് ആവശ്യമായി വരുന്നത്. ഗ്യാസ് പൈപ്പ് ലൈനിന് സമീപമുള്ള സ്ഥലങ്ങളിലും പ്രധാന റോഡിനോട് ചേർന്നും സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ് കൂടുതൽ പ്രായോഗികം. ചവറയിൽ KMML (Kerala Minerals and Metals Ltd)-ന്റെ കൈവശമുള്ള ഭൂമിയാണ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടിട്ടുള്ളത്. ഇതിനായി ഭൂമി

അനുവദിക്കുന്നതിന് KMML-നെ സമീപിച്ചിട്ടുണ്ട്. KMML-ന് സ്ഥലം അനുവദിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ ബഹുമാന്യനായ അംഗം ഉന്നയിച്ച കാര്യമടക്കം മറ്റുസ്ഥലങ്ങൾ പരിഗണിക്കാവുന്നതാണ്.

(2) പെരിന്തൽമണ്ണയിലെ എസ്.സി. കോളനിവാസികൾക്ക് ആധാരവും പട്ടയവും

ശ്രീ. നജീബ് കാന്തപുരം: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം ഉന്നയിക്കാനാണ് ഞാനീ അവസരം ഉപയോഗിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ അംബേദ്കർ കോളനിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരവലോകന യോഗത്തിൽ പങ്കെടുത്തപ്പോൾ, താഴെക്കോട് അമ്പലക്കുന്ന് കോളനിയിലെ നിരവധിയാളുകൾക്ക് ഇപ്പോഴും ഭൂരേഖകളോ ഭൂമിയുടെ പട്ടയമോ ഇല്ലാതെ ബുദ്ധിമുട്ടുകയാണ്. അവർക്ക് സർക്കാർ സംവിധാനത്തിലുള്ള ഒരാനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്നു മാത്രമല്ല; ലൈഫ് ഭവനപദ്ധതിയിൽ പോലും അപേക്ഷ നൽകാൻ കഴിയാത്ത സാഹചര്യവുമുണ്ട്. സർക്കാർ ഇപ്പോൾ "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ" എന്ന മുദ്രാവാക്യവുമായി മുന്നോട്ടുപോകുന്ന സമയമാണെങ്കിലും നമ്മുടെ സമൂഹത്തിൽ ഏറ്റവും പുറകിൽ നിൽക്കുന്ന എസ്.സി കുടുംബങ്ങൾക്ക് ഏറ്റവും അർഹതപ്പെട്ട ഒരു

സാഹചര്യം പോലും ലഭ്യമാകാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. ഇക്കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധ പുലർത്തുകയും അതിനുവേണ്ട സാഹചര്യമുണ്ടാക്കാൻ ശ്രമിക്കുകയും വേണം.

എന്റെ മണ്ഡലത്തിൽമാത്രം 253 എസ്.സി. കോളനികളുണ്ട്. ഓരോ കോളനിയിലും ശരാശരി 3 കുടുംബങ്ങളെങ്കിലും ഇത്തരത്തിൽ ഭൂമിക്ക് രേഖയില്ലാത്തവരാണ്. അതുകൊണ്ട് അവർക്കർഹമായ പലതും നിഷേധിക്കപ്പെടുന്ന ഒരു സാഹചര്യമുണ്ട്. ഇത് എസ്.സി. കുടുംബങ്ങളിൽ മാത്രമല്ല; വനാവകാശ നിയമപ്രകാരം എസ്.ടി കുടുംബങ്ങൾക്ക് പേരിന് ചിലയിടങ്ങളിൽ വീട് വയ്ക്കാൻ സ്ഥലം കൊടുത്തിട്ടുണ്ട്. ഒരാൾക്കും കയറിയെത്താൻ കഴിയാത്ത വിധത്തിലുള്ള വളരെ പ്രയാസപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന, പ്രത്യേകിച്ച്, എന്റെ നിയോജകമണ്ഡലത്തിലെ ചീനിക്കപ്പാറ കോളനി വളരെ വിദൂരമായൊരു സ്ഥലത്താണ് നിൽക്കുന്നത്; അവിടെ കയറിപ്പോകാൻ പോലും കഴിയുന്നില്ല. അവിടത്തെ കുട്ടികൾക്ക് വിദ്യാഭ്യാസമില്ല, പേരിന് അവർക്ക് ഭൂമി ലഭിച്ചു, ഇനി അവർക്ക് മറ്റൊരു സ്ഥലത്തേയ്ക്ക് മാറാൻ ഭൂമി ലഭിക്കുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ വളരെ ദുർബ്ബലരായ ജനവിഭാഗങ്ങളുടെ സംരക്ഷണം നമ്മൾ തീർച്ചയായും

ഏറ്റെടുക്കേണ്ടതുണ്ട്. അതുപോലെ പട്ടയം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകേണ്ട ആവശ്യമുണ്ട്. രേഖകളില്ലാത്ത പട്ടികജാതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പട്ടയം ലഭ്യമാക്കുന്നതിനും വില്ലേജ് ഓഫീസർമാർക്ക് പ്രത്യേക അധികാരം നൽകുന്ന കാര്യം ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. ഇതൊരു സ്പെഷ്യൽ കേസ്സായെടുത്ത് എന്റെ നിയോജകമണ്ഡലത്തിൽ അനിവാര്യമായൊരു സിറ്റിംഗ് നടത്താനും അടിയന്തരപ്രാധാന്യത്തോടെ രേഖകളില്ലാത്ത എസ്.സി. കുടുംബങ്ങൾക്ക് ഒരു പ്രത്യേകമായിട്ടുള്ള ക്യാമ്പയിൽ വച്ച് അതിന് പരിഹാരമുണ്ടാക്കാനും ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം, വില്ലേജ് ഓഫീസർമാർ Suo-Moto നൽകുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. അവരുടെ ഇക്കാര്യത്തിലും പലപ്പോഴും അവർ പറയുന്നത് വേണ്ടത്ര ജീവനക്കാരും സംവിധാനങ്ങളുമില്ലെന്നാണ്. RDO-യുടെ മുമ്പിൽ പോലും ഈ വിഷയമെത്തുമ്പോഴുണ്ടാകുന്ന ഏറ്റവും വലിയ പ്രശ്നം; RDO-യ്ക്കുപോലും ഇതിൽ തീരുമാനമെടുക്കാൻ കഴിയാതെ, അപേക്ഷകൾ കുന്നുകൂടി കിടക്കുന്ന സാഹചര്യമാണുള്ളത് എന്നതാണ്. അതുകൊണ്ട് ഇതൊരു സ്പെഷ്യൽ

കേസ്സായി പരിഗണിച്ച് എത്രയുംവേഗം ഈ പ്രശ്നം പരിഹരിക്കാൻ ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി നേതൃത്വം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഒരു കുടക്കീഴിൽ രണ്ട് വിഷയങ്ങളാണ് ഉന്നയിച്ചത്. രണ്ടും ഗൗരവമുള്ള വിഷയങ്ങളാണെങ്കിലും ഉന്നയിച്ച വിഷയത്തിനുള്ള മറുപടി പറയാം. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതും സർക്കാർ പരിശോധിച്ചുവരുന്നൊരു പൊതുവിഷയമാണ്. പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ മാത്രമല്ല; സംസ്ഥാനത്താകെ പട്ടികജാതി കോളനികളിൽ വർഷങ്ങളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭ്യമല്ലാത്ത ചില സാഹചര്യങ്ങളുണ്ട്.

കഴിഞ്ഞ വർഷം 54535 പട്ടയങ്ങൾ കേരളത്തിൽ വിതരണം ചെയ്യാനായി. ഈ സാമ്പത്തിക വർഷം മലയോര മേഖലയിലെയും പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിലെയും ആളുകൾക്ക് പൂർണ്ണമായും പട്ടയം കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു സ്പെഷ്യൽ ഡ്രൈവിലേയ്ക്കാണ് കേരളം പോകുന്നത്. പട്ടയം ലഭ്യമാകാത്തതിന്റെ പ്രധാനപ്പെട്ട

കാരണങ്ങളിലൊന്ന് പ്രസ്തുത ഭൂമി പുറംപോക്കോ തരിശോ അല്ല എന്നതാണ്. പട്ടികജാതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ജന്മിമാരിൽനിന്നും പഞ്ചായത്ത് വിലകൊടുത്തുവാങ്ങിയ സ്ഥലത്ത് വീടുവച്ച് നൽകിയ കേസുകളാണ് ഭൂരിഭാഗവും. ഇത്തരം ഭൂമി പഞ്ചായത്തിന്റെ പേരിൽ യഥാസമയം പോക്കുവരവ് ചെയ്യാത്തതുമൂലം പലപ്പോഴും പലതും ജന്മിമാരുടെ പേരിലായിരിക്കും നിലനിൽക്കുന്നത്. മിക്ക പഞ്ചായത്തുകളിലും ഭൂമി വാങ്ങിയതിന്റെ ആധാരങ്ങൾ സൂക്ഷിച്ചിട്ടില്ലാത്തതുമൂലം പോക്കുവരവ് നടത്താൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കി ഡിവെസ്റ്റ് ചെയ്ത് പുറമ്പോക്കാക്കിയതിനുശേഷം പട്ടയം വിതരണം ചെയ്യുന്നതാണ് നിലവിലുള്ള ചട്ടങ്ങൾ. സംസ്ഥാനത്താകെ ഇത്തരം കേസുകളിൽ ഒരു പൊതു തീരുമാനമെടുക്കാനായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി കൂടിയാലോചിക്കുകയും അദ്ദേഹത്തിന്റെ കൂടി നിർദ്ദേശപ്രകാരം ഒരു യോഗം വിളിക്കാൻ പൊതുവായ കാര്യങ്ങളിൽ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. മുമ്പ് പട്ടയം നൽകിയ കുടുംബങ്ങൾ പട്ടയ നിബന്ധന ലംഘിച്ച് വെറും എഗ്രിമെന്റിലൂടെ ഭൂമി മറ്റൊരാൾക്ക് കൈമാറ്റം

ചെയ്ത കേസുകളാണ് ഇവയിൽ ചിലത്. ഇങ്ങനെ പല കൈമറിഞ്ഞ കേസുകളും ഇപ്പോഴുണ്ട്. ഇപ്പോഴത്തെ കൈവശക്കാരന് ഒരു രേഖയും ചിലപ്പോൾ ഉണ്ടാകില്ല. ഒരിക്കൽ പട്ടയം നൽകിയ ഭൂമിയായതിനാൽ വീണ്ടും പട്ടയം അനുവദിക്കാനും നിർവ്വാഹമില്ല. ഇത്തരം കേസുകളിൽ മുമ്പ് നൽകിയ പട്ടയം റദ്ദാക്കി ഒരു പബ്ലിക്ക് നോട്ടീസ് നൽകി കൈവശക്കാരൻ ആരാണോ അവർക്ക് പുതിയതായി പട്ടയം നൽകുവാൻ സാധിക്കുമോയെന്ന കാര്യമാണ് സർക്കാർ പരിശോധിച്ചുവരുന്നത്. ഏതായാലും ഇത്തരം പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ലക്ഷ്യമിട്ടാണ് സർക്കാർ പട്ടയ ഡാഷ് ബോർഡ് എന്ന ആശയത്തിന് രൂപം നൽകിയിട്ടുള്ളത്. പട്ടയ ഡാഷ് ബോർട്ടിലൂടെ ഓരോ പ്രദേശത്തെയും ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസ്സം എന്നിവ മനസ്സിലാക്കാനും അത്തരം പ്രശ്നങ്ങൾ പരിഹരിച്ച് പട്ടയ വിതരണം സംബന്ധിച്ച പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ശ്രമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അങ്ങേയ്ക്ക് അറിയാം, ബഹുമാനപ്പെട്ട ചെയറിന്റെ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനിയെയാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു സ്പെഷ്യൽ കേസായി പരിഗണിച്ചത്. ബഹുമാനപ്പെട്ട കേരള സ്പീക്കറുടെ മണ്ഡലത്തിൽ

അത് പ്രത്യേകമായി പരിഗണിച്ചപ്പോൾ 332 കോളനി പട്ടയങ്ങൾ വിതരണം ചെയ്യാൻ ചെറിയ കാലം കൊണ്ട് കഴിഞ്ഞ അനുഭവം നമ്മുടെ മുന്നിലുണ്ട്. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന 12 വില്ലേജുകളിലായി 253 പട്ടികജാതി കോളനികൾ നിലവിലുണ്ടെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ പ്രസ്തുത കോളനി നിവാസികൾ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചതൊന്നും രേഖാമൂലം ഒരു കേന്ദ്രത്തിലും കാണാനായില്ല. ചിലപ്പോൾ ഇതുമായി ബന്ധപ്പെട്ട് അവിടെ ജീവിക്കുന്ന ആളുകളുടെ ധാരണ പിശകായിരിക്കാം ഇതിന് കാരണം. ഏതായാലും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഗൗരവമായ ഈ പ്രശ്നം പരിശോധിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികജാതി -പട്ടികവർഗ്ഗ വകുപ്പ് മന്ത്രിമാർ ഉൾപ്പെടെ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു പ്രത്യേക യോഗം ജൂലൈ മാസത്തിൽ വിളിച്ച് ചേർക്കുന്നതാണ്. അതിനുശേഷം ഇക്കാര്യങ്ങൾ ഗൗരവമായി പരിശോധിക്കാനും പരിഹരിക്കാനുമുള്ള നടപടി സ്വീകരിക്കാമെന്ന് അങ്ങേയ്ക്ക് ഉറപ്പുനൽകുകയാണ്.

(3) എയ്ഡഡ് മേഖലയിലെ ഭിന്നശേഷിക്കാർക്ക് സംവരണം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, സ്വകാര്യ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അംഗ പരിമിതർക്ക് ഉദ്യോഗ സംവരണം നടപ്പാക്കുന്നത് സംബന്ധിച്ചുള്ള തീരുമാനം വൈകുന്നതുമൂലം സർക്കാർ എയ്ഡഡ് മേഖലയിലെ അദ്ധ്യാപന നിയമനവുമായി ബന്ധപ്പെട്ട് ഉളവായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടി കൈക്കൊള്ളണമെന്നതാണ് എന്റെ സബ്മിഷൻ.

അംഗ പരിമിതരുടെ നിയമനം സംബന്ധിച്ച നിയമം 7-2-1996 -ൽ നിലവിൽ വന്നപ്പോൾ സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ അത്തരം സ്ഥാപനങ്ങളിൽ പ്രസ്തുത സംവരണം നടപ്പാക്കുകയും ചെയ്തില്ല. എന്നാൽ 1996 -ൽ നിലവിൽ വന്ന നിയമം 2016-ൽ റദ്ദ് ചെയ്യുകയും, 19-4-2017 -ൽ പുതിയ നിയമം നിലവിൽ വന്നതിനെത്തുടർന്ന് 1996 മുതലുള്ള എല്ലാ ഒഴിവുകളിലും അംഗ പരിമിതർക്കുള്ള സംവരണം നടപ്പാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 18-11-2018 -ൽ പുതിയ ഉത്തരവ് വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചു. 1996 മുതൽ നിലവിൽവന്ന എല്ലാ എയ്ഡഡ് സ്കൂൾ

നിയമനങ്ങൾക്കും സർക്കാർ അംഗീകാരം ലഭിച്ച സാഹചര്യത്തിൽ മുൻകാല പ്രാബല്യത്തോടെ അംഗ പരിമിതർക്ക് ഉദ്യോഗ സംവരണം നൽകുകയെന്ന വ്യവസ്ഥ പ്രയോഗികമായി ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യവുമാണ്. 1995 -ലെ നിയമ പ്രകാരമുള്ള മുൻകാല ഒഴിവുകൾ നിർണ്ണയിക്കുവാനോ നടപ്പാക്കുവാനോ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കോടതി ഉത്തരവുകളുമുണ്ടായി. 1995- ലെ നിയമം റദ്ദ് ചെയ്ത് പുതിയ നിയമം നിലവിൽ വന്നപ്പോഴും സർക്കാർ അംഗ പരിമിതർക്കുവേണ്ടി ഉദ്യോഗ സംവരണം നടപ്പാക്കണമെന്ന് മാനേജ്മെന്റുകളോടോ സ്കൂളുകളോടോ ആവശ്യപ്പെട്ടിരുന്നില്ല. ആയതിനാൽ ഈ കാലയളവിലെ എല്ലാ തസ്തികളും മാനേജ്മെന്റ് നികത്തുകയും അവയ്ക്കെല്ലാം ഗവൺമെന്റ് അംഗീകാരം നൽകുകയും ചെയ്തു. മുൻകാല പ്രാബല്യത്തോടെ ഈ ഉത്തരവ് നടപ്പാക്കണമെന്ന് ഇപ്പോൾ ആവശ്യപ്പെടുന്നത് പ്രയോഗികമായി ഒരുപാട് പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് 2017 -ൽ പുതിയ ഉത്തരവ് വന്നതിനുശേഷം, പിന്നീടുണ്ടായ 2022 വരെയുള്ള കാലയളവിൽ മുൻകാല പ്രാബല്യത്തോടെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് നാല് ശതമാനം നിലവിലുള്ള ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് പ്രകാരം

നൽകുകയും പ്രായോഗികമായൊരു സമീപനം ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായില്ലെങ്കിൽ, കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി എയ്ഡഡ് മേഖലയുമായി ബന്ധപ്പെട്ട അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നില്ല. അതുകൊണ്ട് ഒരുപാട് ബുദ്ധിമുട്ടുകൾ മാനേജ്മെന്റിനും അദ്ധ്യാപകർക്കും ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് പ്രായോഗികമായൊരു സമീപനം ഇക്കാര്യത്തിൽ സ്വീകരിച്ചുകൊണ്ട് 2017 -നും 2022- നും ഇടയിലുള്ള കാലയളവിലെ തസ്തികകൾ തീരുമാനിച്ച് അതിൽ നാല് ശതമാനം ഭിന്നശേഷിക്കാർക്കുള്ള സംവരണം ഏർപ്പെടുത്തിക്കൊണ്ട് അത് പ്രയോഗികമായി നടപ്പാക്കണം. 1996 മുതലുള്ള മുഴുവൻ ഒഴിവുകളും കണ്ടെത്തി പ്രയോഗികമായി സംവരണം നടപ്പാക്കണമെന്നുള്ള അപ്രായോഗികമായ ഒരു സമീപനമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് അനുകൂലമായൊരു തീരുമാനമുണ്ടാക്കി ഈ പ്രശ്നം പരിഹരിക്കണമെന്നുള്ളതാണ് എന്റെ വിനീതമായ അഭ്യർത്ഥന.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, Rights of persons with Disabilities Act 1995 പ്രകാരം കാഴ്ച കുറഞ്ഞവർ ശ്രവണ ശേഷിയില്ലാത്തവർ, ചലന വൈകല്യമുള്ളവർ സെറിബ്രൽ പാൾസി എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് എല്ലാ എസ്റ്റാബ്ലിഷ്മെന്റുകളിലും മൂന്ന് ശതമാനം സംവരണം പാലിച്ചുകൊണ്ട് നിയമനം നൽകേണ്ടതാണ്. കൂടാതെ പ്രസ്തുത ആക്റ്റിലെ സെക്ഷൻ 39 പ്രകാരം എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാരിൽനിന്നും സഹായം ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും മൂന്ന് ശതമാനം സീറ്റുകൾ ഭിന്നശേഷിക്കാർക്കായി മാറ്റിവയ്ക്കണം. Rights of persons with Disabilities Act 2016 സെക്ഷൻ 34(1) പ്രകാരം ഓരോ ഗ്രൂപ്പ് ഓഫ് സെർച്ചുകളുടെയും കേഡർ സ്ട്രെംങ്ത്തിന്റെ ആകെയുള്ള ഒഴിവുകളിൽ നാല് ശതമാനത്തിൽ കുറയാത്ത ഒഴിവുകളിൽ ഭിന്നശേഷിക്കാരെ നിയമിക്കേണ്ടതാണ്. പ്രസ്തുത ആക്ടിലെ സെക്ഷൻ 2(k) പ്രകാരം സർക്കാരിൽനിന്നും ഗ്രാന്റ് ലഭിക്കുന്ന എല്ലാ സ്കൂളുകൾക്കും ഇത് ബാധകമാണ്. അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിലെ ഏത് വിഭാഗത്തിൽപ്പെട്ട തസ്തികക്കാരെയും ഭിന്നശേഷി സംവരണത്തിൽ

ഉൾപ്പെടുത്തുമെന്ന് 07-05-2019, 25-08-2020 എന്നീ ഉത്തരവുകൾ പ്രകാരം സാമൂഹിക നീതി വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 15-02-96 മുതൽ 18-04-2017 വരെ മൂന്ന് ശതമാനവും 19-04-2017 മുതൽ നാല് ശതമാനം സംവരണവും പി.എസ്.സി. വഴി നിയമനം നടത്തിവരുന്നു. ഭിന്നശേഷി സംവരണം എയ്ഡഡ് സ്കൂളുകളിലും നടപ്പാക്കണമെന്ന് കാണിച്ച് Kerala Federation of the Blind കേരളാ ഹൈക്കോടതിയിൽ 19808/2021 നമ്പർ റിട്ട് പെറ്റീഷൻ സമർപ്പിക്കുകയും ആയതുപ്രകാരം 23-09-2021-ലെ ഇടക്കാല വിധി ന്യായപ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ 15-07-2021 മുതലുള്ള എല്ലാ നിയമനങ്ങളും തടഞ്ഞുവയ്ക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 18-11-2018-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 6(1), 6(2) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് നിയമനങ്ങളിൽ 07-02-96 മുതൽ 18-04-2007 വരെ മൂന്ന് ശതമാനവും 19-04-2017 മുതൽ നാല് ശതമാനവും സംവരണം ഏർപ്പെടുത്തിക്കൊണ്ട് 08-11-2021-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 23-12-2021-ലെ ഇടക്കാല വിധി ന്യായപ്രകാരം 25-08-2020-ലെ ഉത്തരവിൽ പ്രതിപാദിക്കുന്ന എല്ലാ

തസ്തികകൾക്കും സ്റ്റേ ബാധകമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കി. പിന്നീട് 07-05-2019 -ലെ ഉത്തരവിൽ പ്രതിപാദിക്കുന്ന തസ്തികൾക്കുകൂടി സ്റ്റേ ബാധകമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കൊടതി ഉത്തരവായി. കൂടാതെ ഇടക്കാല ഉത്തരവ് നിലനിൽക്കെ 15.07.2021 മുമ്പുള്ള നിയമനങ്ങളും നിയമനാംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നിലവിലുള്ള കേസ്സും എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധിന്യായം വന്നതിനുശേഷം മാത്രമെ 07-11-2021 വരെ മാനേജർമാർ നടത്തിയ നിയമനങ്ങൾ സംബന്ധിച്ച് തീരുമാനം എടുക്കാനാകൂ. 08-11-2021 -ന് ശേഷമുള്ള നിയമനങ്ങളിൽ ബാക്ക് ലോഗ് 07-02-96 മുതൽ 07-11-2021 ഉൾപ്പെടെയുള്ള ഭിന്നശേഷി സംവരണം പാലിച്ചുമാത്രം മാനേജർമാർ നിയമനം നടത്തേണ്ടതും ആയത് പരിശോധിച്ചുമാത്രം വിദ്യാഭ്യാസ ഓഫീസർമാർ അംഗീകാരം നൽകേണ്ടതുമാണെന്ന് 25-06-2022 -ൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ മേൽ പരമാർശിച്ച കേസ്സ് നിലനിൽക്കുന്നുവെന്ന കാര്യംകൂടി ഞാൻ സൂചിപ്പിക്കുന്നു.

ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു വലിയ പ്രതിസന്ധി നിലനിൽക്കുകയാണ്. നമുക്ക് ഭിന്നശേഷിക്കാരായ ആളുകളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും വേണം. സ്കൂളുകളിലെ നിയമനങ്ങൾ നടത്തിയതിന് അംഗീകാരം കൊടുക്കണം. പല സ്കൂളുകളിലെയും എയ്ഡഡ് മാനേജ്മെന്റുകൾ ശമ്പളം കിട്ടാത്തതുപോലുള്ള ബുദ്ധിമുട്ടുകളനുഭവിക്കുന്നുണ്ട്. ഇതെല്ലാം പരിശോധിച്ച് സാമൂഹ്യക്ഷേമ വകുപ്പുമായി ആലോചിച്ച് ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്. അത് ബഹുമാനപ്പെട്ട കോടതിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് കോടതിയുടെ അന്തിമ വിധിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്തായാലും ഈ പ്രശ്നം വളരെ ഗൗരവമായിതന്നെ ഗവൺമെന്റ് കാണുന്നുണ്ട്. അതിനുള്ള പരിഹാരം കാണുന്നതിനുള്ള പരിശ്രമത്തിലാണ്.

(4) <u>കലശമല ഇക്കോ ടൂറിസം പദ്ധതി</u>

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ കലശമല ഇക്കോ ടൂറിസം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ചതാണ്. പ്രസ്തുത ടൂറിസം ഡെസ്റ്റിനേഷന്റെ വിപുലീകരണത്തിനുവേണ്ടി രണ്ടാംഘട്ട വികസനത്തിനായി സ്ഥലം

ഏറ്റെടുക്കാൻ 2019-ൽ പത്തുകോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതാണ്. പക്ഷേ, ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇഴഞ്ഞുനീങ്ങുകയാണ്. ഫലപ്രദമായി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ കഴിക്കാത്തതിന്റെ ഭാഗമായി രണ്ടാംഘട്ട വികസനപ്രവർത്തനം സമയബന്ധിതമായി ചെയ്യാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെടെ ഒരു യോഗം വിളിച്ചിരുന്നു. ഇപ്പോഴും ഭൂമി ഏറ്റെടുക്കൽ നടപടികൾ ഒരു പ്രത്യേക ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. അതിന് പരിഹാരം കാണണമെന്നും കലശമല ഇക്കോ ടൂറിസം പ്രോജക്ടിന്റെ രണ്ടാംഘട്ട വികസനത്തിന് അനിവാര്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ഗൗരവമായ ഇടപെടലുണ്ടാകണമെന്നുമാണ് എന്റെ ആവശ്യം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. സി. മൊയ്തീൻ ഇവിടെ സബ്മിഷനിൽ അവതരിപ്പിച്ച വിഷയം കലശമല ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. തൃശ്ശൂർ ജില്ലയിലെ കുന്നംകുളം മണ്ഡലത്തിൽ ഉൾപ്പെടുന്ന ഈ ടൂറിസം കേന്ദ്രത്തിന്റെ വികസനം അനിവാര്യമാണെന്ന നിലയിൽ

ആദ്യഘട്ടത്തിൽ രണ്ടുകോടി ഇരുപത് ലക്ഷം രൂപ ചെലവിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കി. പാർക്കിംഗ്, എൻട്രൻസ്, ഗേറ്റ് വേ, ടിക്കറ്റ് കൗണ്ടർ, പാത്ത് വ്യൂയിംഗ് ഗ്യാലറി, ടോയ്‌ലറ്റ്, കഫറ്റീരിയ, വ്യൂ പോയിന്റ്, ഹെർബൽ ഗാർഡൻ, ചിൽഡ്രൻസ് പാർക്ക്, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് ടാങ്ക്, സ്ട്രീറ്റ് ഫർണിച്ചർ, ഫെൻസിംഗ്, സെയിനേജസ്, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, ഫയർ ഫൈറ്റിംഗ് എന്നിവയായിരുന്നു ആദ്യഘട്ടത്തിൽ രണ്ടുകോടി ഇരുപത് ലക്ഷം രൂപ ചെലവിട്ട് നടപ്പിലാക്കിയത്. കലശമല ഇക്കോ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട വികസനത്തിനും ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇതിനോടനുബന്ധമായുള്ള സ്ഥലമേറ്റെടുക്കുന്നതിനും ഈ പ്രദേശത്തേയ്ക്കുള്ള റോഡ് വികസിപ്പിക്കുന്നതിനുമായി പത്തുകോടി രൂപയുടെ ഭരണാനുമതിയും നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്കായി സ്ഥലമേറ്റെടുക്കുവാൻ സ്പെഷ്യൽ തഹസിൽദാർ ജനറലിനെ തൃശ്ശൂർ ജില്ലാകളക്ടർ ചുമതലപ്പെടുത്തിയിരുന്നു. പദ്ധതിക്കുള്ള കണ്ടിജൻസി ചാർജ്ജായി 50 ലക്ഷം രൂപ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറലിന് കൈമാറിയിട്ടുണ്ട്. ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കലിന് 31-03-2022, 10-06-2022 എന്നീ തീയതികളിൽ ഗസറ്റ് വിജ്ഞാപനവും

പുറപ്പെടുവിച്ചിരുന്നു. എന്നാൽ ചൊവ്വന്നൂർ വില്ലേജിലെയും അഗത്തിയൂർ വില്ലേജിലെയും ചില സർവ്വേ നമ്പറുകൾ അർത്ഥനയിലോ സർക്കാർ ഉത്തരവിലോ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ഈ വിവരങ്ങൾകൂടി ചേർത്ത് പുതിയ അർത്ഥനയും സർക്കാർ ഉത്തരവും അടിയന്തരമായി ലഭ്യമാക്കണമെന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. കലശമലയിലെ രണ്ടാംഘട്ട വികസന പദ്ധതിയുടെ സാമൂഹികാഘാതപഠനം നടത്താനായി തൃശ്ശൂർ ജില്ലാ കളക്ടർ രാജഗിരി ഔട്ട് റിച്ച് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും തുടർനടപടികൾ പുരോഗമിക്കുകയുമാണ്. വിനോദസഞ്ചാര മേഖലയിലെ പ്രവൃത്തികളുടെ പ്രതിമാസ അവലോകനയോഗത്തിലും ഇവിടെ നേരത്തേ സൂചിപ്പിച്ചതുപോലെ കലശമല വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തി പ്രവർത്തനം ത്വരിതപ്പെടുത്തുന്നുണ്ട്. കലശമലയിൽ സ്ഥലമേറ്റെടുക്കൽ നടപടി കഴിവതും വേഗം പൂർത്തിയാക്കി ഇക്കോ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടവികസനം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കലശമല ഇക്കോ ടൂറിസം സ്പോട്ട് തൃശ്ശൂർ

ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായി മാറുമെന്നാണ് വകുപ്പ് പ്രതീക്ഷിക്കുന്നത്.

(5) ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് നിർമ്മാണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കയ്പമംഗലം നിയോജകമണ്ഡലത്തിലെ തിരക്കേറിയ പാതയാണ് ഈസ്റ്റ് ടിപ്പുസുൽത്താൻ. ഈ റോഡിന്റെ 3.25 മുതൽ 3.90 വരെയുള്ള ദൂരം തകർന്നതിനെത്തുടർന്ന് റീ ടാറിംഗ് ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി. ഭരണാനുമതിയും സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും പൂർത്തീകരിച്ചു. എന്നാൽ കിഫ്ബി പദ്ധതിപ്രകാരം ഈ റോഡിലൂടെയുള്ള കുടിവെള്ള പൈപ്പ് ലൈൻ മാറ്റുന്ന പദ്ധതി നടപ്പിലാക്കാൻ പോകുകയാണ്. മാത്രമല്ല നിലവിൽ റോഡിന്റെ നടുഭാഗത്തുകൂടിയാണ് പഴയ പൈപ്പ് ലൈൻ പോകുന്നതെന്നതുകൊണ്ട് ഇടയ്ക്കിടയ്ക്ക് അവിടെ റിപ്പയർ ചെയ്യപ്പെടേണ്ട സ്ഥിതിയും വരുന്നുണ്ട്. അതുകൊണ്ട് ബി.എം. ആൻഡ് ബി.സി. ടാറിംഗിനുപകരം ടൈൽ വിരിക്കുന്ന വർക്ക് നടത്തണമെന്നാണ് ഡിപ്പാർട്ട്മെന്റ് സൂചിപ്പിച്ചത്. അതിന്റെ അനുമതിക്കായി ഗവൺമെന്റിലേയ്ക്ക് പോയെങ്കിലും അനുമതി നിഷേധിക്കുകയാണുണ്ടായത്. ആയിരക്കണക്കിന്

വിദ്യാർത്ഥികൾ പഠിക്കുന്ന ആർ.എം.വി.എച്ച്.എസ്. സ്കൂളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും ഈ ഭാഗത്താണ്. ഇടയ്ക്കിടയ്ക്ക് അപകടമുണ്ടാകുന്ന സ്ഥിതിയാണ്. വലിയ രീതിയിലുള്ള പ്രതിഷേധവും ഉണ്ടാകുന്നുണ്ട്. ടെണ്ടർ ചെയ്ത സ്ഥലത്ത് മറ്റെന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നുള്ളത് വിഷയമുണ്ട്. ഇനി ബി.എം. ആൻഡ് ബി.സി. ടാറിംഗ് വരുമ്പോൾ മഴക്കാലമായതിനാൽ പ്രശ്നമാണ്. എന്നാൽ അപകടസ്ഥിതി മാറ്റി ആളുകൾക്ക് സുരക്ഷിതമായി സഞ്ചരിക്കാൻ കഴിയുന്ന രീതിയിലുള്ളൊരു അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്ന വിഷയം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ഇവിടെ  ഉന്നയിച്ചിട്ടുള്ള വിഷയം അദ്ദേഹത്തിന്റെ നിയോജകമണ്ഡലമായ കയ്പമംഗലത്തെ ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടാണ്. ഈ റോഡിൽ ആർ.എം.വി.എച്ച്.എസ്. പരിസരം മുതൽ കാക്കാത്തുരുത്തിപ്പള്ളി വളവുവരെ ബി.എം. ആൻഡ് ബി.സി. പ്രവൃത്തി ചെയ്യുന്നതിനായി 60 ലക്ഷം രൂപയുടെ ഭരണാനുമതിയും

സാങ്കേതികാനുമതിയും നൽകിയിരുന്നു. ടെണ്ടർ നടപടികൾക്കുശേഷം ആറ് മാസക്കാലാവധിക്ക് കരാറിലേർപ്പെട്ട് 06-09-2021-ൽ സൈറ്റ് കൈമാറുകയും ചെയ്തു. സാധാരണനിലയിൽ ഇതിന്റെ പ്രവൃത്തി ഇപ്പോൾ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ കിഫ്ബി പദ്ധതിയിലുൾപ്പെട്ട നാട്ടിക ഫർക്ക സമഗ്ര ശുദ്ധജല വിതരണപദ്ധതിയുമായി ബന്ധപ്പെട്ട് റോഡുമുറിച്ച് പൈപ്പിടുന്നതിന് കേരള വാട്ടർ അതോറിറ്റി അനുമതി ആവശ്യപ്പെട്ടതോടെ നിലവിലുള്ള റോഡ് പ്രവൃത്തി സ്വാഭാവികമായും തടസ്സപ്പെടുന്ന സ്ഥിതിയുണ്ടായി. രണ്ടും ജനങ്ങളുടെ ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട് റിസ്റ്റോറേഷനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരുന്നുവെങ്കിലും വാട്ടർ അതോറിറ്റിയുടെ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്. അതവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കാലഹരണപ്പെട്ട ജീർണ്ണാവസ്ഥയിലുള്ള പൈപ്പ് ലീക്ക് ചെയ്തുകൊണ്ടിരിക്കുകയാണ്. വാട്ടർ അതോറിറ്റി ലീക്ക് പരിഹരിക്കുന്നുണ്ടെങ്കിലും പുതിയ ഭാഗങ്ങളിൽ ലീക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡിൽ ചെയിനേജ് 3/250 മുതൽ 3/900 വരെയുള്ള ഭാഗത്ത് ടൈയിലിട്ട ഭാഗങ്ങൾ ഇവിടെ സൂചിപ്പിച്ച ഭാഗങ്ങൾ ഒഴികെ 508 മീറ്റർ നീളത്തിൽ ബി.എം. ആൻഡ്

ബി.സി. ഉപയോഗിച്ച് ഉപരിതലം പുതുക്കുന്നതിനാണ് ആദ്യം ഭരണാനുമതി നൽകിയിരുന്നത്. എന്നാൽ പൈപ്പ് പൊട്ടലും പൈപ്പ് മാറ്റിയിടലും പരിഗണിച്ച് ബി.എം.ആൻഡ് ബി.സി. പ്രവൃത്തികൾക്കുപകരം 140 മീറ്റർ നീളത്തിൽ പെർമിക്സ് കാർപ്പെറ്റും (ഒ.ജി.പി.സി.) 376 മീറ്റർ നീളത്തിൽ ഇന്റർലോക്കിംഗ് ടൈലും പാകുന്നതായിരിക്കും ഉചിതമെന്ന നില പൊതുവെയുണ്ടായി. ഇതേത്തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി നിർദ്ദേശം സമർപ്പിക്കപ്പെട്ടിരുന്നു. പ്രവൃത്തിയുടെ സ്വഭാവത്തിൽ മൊത്തത്തിൽ മാറ്റം വന്നതിനാൽ സൈറ്റിലെ അവസ്ഥയ്ക്കനുസൃതമായി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ റെക്റ്റിഫിക്കേഷൻ പ്രവൃത്തി ക്രമീകരിച്ചതിനുശേഷമായിരിക്കും തുടർ നടപടികൾ സ്വീകരിക്കുക. നമ്മുടെ സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലെയും പൊതുവിഷയമാണിത്. ഒരു പൊതുവിഷയമായി കാണേണ്ട പ്രശ്നമാണ്. ഇതിൽ വകുപ്പുകളുടെ ഏകോപനം ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഒരു പുതിയ റോഡ് വരുമ്പോൾ അതിന്റെ പ്രവൃത്തി പൂർത്തീകരിച്ചയുടനെ  ജനങ്ങളുടെ കുടിവെള്ളത്തിന്റെ ആവശ്യത്തിനായി റോഡ് മുറിക്കുന്നൊരുപ്രശ്നം നമ്മുടെ സംസ്ഥാനത്ത് ചർച്ച

ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന വിഷയമാണ്. ഇതിന്റെ ഭാഗമായി വകുപ്പുകളുടെ ഏകോപനം ഇതിലുണ്ടായി. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി സംസാരിച്ചു. വളരെ പോസിറ്റീവായ നിലപാട് അദ്ദേഹം സ്വീകരിച്ചു. അതിന്റെ ഭാഗമായി യോഗം ചേർന്നു. പി.ഡബ്ല്യു.ഡി. സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥതല സമിതിയുണ്ടായി. അതിന്റെ ഭാഗമായി വലിയൊരു ശതമാനം ഈ പ്രശ്നമിന്ന് നമ്മുടെ സംസ്ഥാനത്ത് പരിഹരിക്കാനായി. എന്നാലും ഈ പ്രശ്നം പലയിടത്തും നിലനിൽക്കുന്നുണ്ട്. അത് പരിഹരിച്ച് മുന്നോട്ടുപോകാനുള്ള ശ്രമങ്ങൾ തുടരുന്നു.

(6) <u>ആറളം ഫാം ഹയർ സെക്കൻഡറി സ്കൂളിലെ അദ്ധ്യാപക തസ്തികകൾ</u>

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ ആറളം ആദിവാസി മേഖലയിൽ അവിടത്തെ കുട്ടികൾക്കായി 2019-ൽ അവിടെയുണ്ടായിരുന്ന ഗവൺമെന്റ് ഹൈസ്കൂളിനെ ഹയർ സെക്കൻഡറി സ്കൂളായി ഉയർത്തി. എന്നാൽ അവിടെ ഇതുവരെയും പ്രിൻസിപ്പാൾ തസ്തിക ഒഴിച്ച് മറ്റ് അദ്ധ്യാപക തസ്തികകളൊന്നുംതന്നെ സൃഷ്ടിച്ചിട്ടില്ല. അദ്ധ്യാപകരില്ല, ഉണ്ടായിരുന്ന പ്രിൻസിപ്പാൾ റിട്ടയർ ചെയ്തു. അടുത്തുള്ള ഹൈസ്കൂളിലെ ഹെഡ്മിസ്ട്രസിന് ചാർജ്ജ് കൊടുത്തതല്ലാതെ ഈ അദ്ധ്യാപക

തസ്തികകളെല്ലാം ഒഴിഞ്ഞുകിടക്കുകയാണ്. തസ്തിക സൃഷ്ടിച്ചിട്ടില്ല, താല്ക്കാലിക നിയമനവും നടത്തിയിട്ടില്ല. പട്ടികവർഗ്ഗ കുട്ടികളാണ് പഠിക്കുന്നത്. ഇപ്രാവശ്യം 104 കുട്ടികൾ ഹയർസെക്കൻഡറി പരീക്ഷ എഴുതിയതിൽ 40 ശതമാനം മാത്രമേ വിജയിച്ചിട്ടുള്ളൂ. കഴിഞ്ഞ തവണയും ഞാൻ പറഞ്ഞതാണ്. ഇതുവരെയും നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ഈ സ്കൂൾ തുറക്കുന്നതിനുമുൻപായി ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ആറളം ഫാം റിഹാബിലിറ്റേഷൻ സെറ്റിൽമെന്റ് ഏരിയയിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് 28-01-2019-ലെ സർക്കാർ ഉത്തരവ് നം.13/2019 പ്രകാരം ആറളം ഫാം ഹൈസ്കൂളിൽ ഒരു ഹ്യൂമാനിറ്റിസ് ബാച്ചും ഒരു കൊമേഴ്സ് ബാച്ചും അനുവദിച്ച് പ്രസ്തുത സ്കൂളിനെ ഹയർ സെക്കൻഡറി സ്കൂളായി ഉയർത്തുകയുണ്ടായി. തുടർന്ന് 26-02-2021-ലെ ഉത്തരവുപ്രകാരം പ്രസ്തുത വിദ്യാലയത്തിൽ പ്രിൻസിപ്പാൾ തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നു. മേൽ തസ്തികയിൽ 2022

മാർച്ച് മാസംവരെ പ്രിൻസിപ്പാൾ സേവനമനുഷ്ഠിച്ചിരുന്നു. 2022 മാർച്ച് മാസത്തിൽ ടി പ്രിൻസിപ്പാൾ റിട്ടയർ ചെയ്തതിനെത്തുടർന്ന് പ്രിൻസിപ്പാൾ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രിൻസിപ്പാൾ നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആറളം ഫാം ഹയർ സെക്കൻഡറി സ്കൂളിൽ അനുവദിച്ചിട്ടുള്ള ഹ്യുമാനിറ്റിസ് ബാച്ചിനും (കോഴ്സ് കോഡ് 10), കൊമേഴ്സ് ബാച്ചിനും (കോഴ്സ് കോഡ് 39) തസ്തികകൾ സൃഷ്ടിക്കാനായിട്ടുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിന്മേൽ ചില അധിക വിവരങ്ങൾ ആവശ്യമായതിനാൽ അത് സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി വിഷയം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. അതേസമയം തസ്തികകൾ സൃഷ്ടിക്കാത്ത വിദ്യാലയങ്ങളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അനുമതി ആർ.ഡി.ഡി.-മാർക്കും പ്രിൻസിപ്പാൾമാർക്കും നൽകിയിട്ടുണ്ട്. ആയതിനാൽ നിലവിൽ അദ്ധ്യാപനത്തിന് പ്രതിസന്ധിയില്ല. ഞാൻ ഇവിടെ പറഞ്ഞ മറുപടിയിൽ കൂടുതലായി എന്തെങ്കിലും നടപടി സ്വീകരിക്കണമെങ്കിൽ നമുക്ക് തമ്മിൽ സംസാരിച്ച് അതിനൊരു ക്രമീകരണം നടത്തുന്നതിനെ

സംബന്ധിച്ച് ആലോചിക്കാം.

(7) കുറത്തികാട് കുടിവെള്ള പദ്ധതി

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് അങ്ങയുടെ ഭാഗത്തുനിന്നും വകുപ്പിന്റെ ഭാഗത്തുനിന്നും നിരന്തരമായ ഇടപെടലുണ്ടായിട്ടുണ്ട്. അതിന് പ്രത്യേകമായി ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര, വള്ളികുന്നം ഗ്രാമപഞ്ചായത്തുകളിലും കായംകുളം മണ്ഡത്തിലെ കൃഷ്ണപുരം, ഭരണിക്കാവ് ഗ്രാമപഞ്ചായത്തുകളിലും ചെങ്ങന്നൂർ മണ്ഡലത്തിലെ മാന്നാർ, പുരട്ടിക്കാട് വില്ലേജുകളിലും ശുദ്ധജലമെത്തിക്കുന്ന പദ്ധതിയാണ് കുറത്തികാട്-ഭരണിക്കാവ് ശുദ്ധജലപദ്ധതി. ഒരു ലക്ഷത്തിൽപ്പരംപേർക്ക് ഇതിന്റെ ഗുണം ലഭ്യമാകുന്നുണ്ട്. 32 വർഷമായിട്ടും ഈ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. അച്ചൻകോവിലാർ സ്രോതസ്സായും പ്രായിക്കരയിൽ സ്ഥാപിച്ച ജലശുദ്ധീകരണ ശാലയിൽനിന്നും കുറത്തികാട് ജലസംഭരണിയിൽ ജലമെത്തിക്കണമെങ്കിൽ കല്ലുമലയിൽ റെയിൽവേ ക്രോസുചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കണം. അങ്ങ് നിരന്തരം ഈ വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. 32 വർഷക്കാലമായി കുറത്തികാട് സ്ഥാപിച്ച

ഈ ടാങ്കിൽ ഒരു തുള്ളി വെള്ളംപോലും ഇതുവരെ എത്തിയിട്ടില്ല. നാല് പഞ്ചായത്തുകളിലെയും രണ്ട് വില്ലേജുകളിലെയും ജനങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്ന ഈ പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പ്രിയപ്പെട്ട എം.എൽ.എ. ശ്രീ. എം. എസ്. അരുൺകുമാർ ഇവിടെ പറഞ്ഞ കാര്യങ്ങൾ ഏറെ ശ്രദ്ധേയമാണ്. 32 വർഷക്കാലമായി ഒരു കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ വിഷമവുംകൂടി അദ്ദേഹം സൂചിപ്പിച്ചു. ഒരു എം.എൽ.എ. എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ പ്രത്യേകമായി ശ്ലാഘിക്കുന്നു. 32 തവണയിലേറെ ഇതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്നതിനും മറ്റുമായി അദ്ദേഹം കാണിച്ച താൽപ്പര്യത്തിന്റെ ഫലമായി ഇന്ന് അതിന്റെ പൂർണ്ണതയിലേയ്ക്കെത്താൻ സാധിക്കുന്ന ഒരു സാഹചര്യമൊരുക്കിയിട്ടുണ്ട്. തെക്കേക്കര പഞ്ചായത്തിലെ കുറത്തികാട് 2008-ൽ നിർമ്മിച്ച ജല സംഭരണിയിലേയ്ക്ക് പ്രായിക്കര കല്ലുമലയിൽ റെയിൽവേ ക്രോസ്ചെയ്ത് പൈപ്പ് സ്ഥാപിക്കേണ്ടിയിരുന്നു. ഇതിനായി

കല്ലുമലയിൽ റെയിൽവേ ചെയിനേജ് 105/600-നും 105/700-നും ഇടയിൽ റെയിൽവേ ക്രോസ് ചെയ്യുന്നതിനുവേണ്ട അനുമതിക്കായി 12-08-2015-ന് അപേക്ഷ സമർപ്പിക്കുകയും ഇതിനുവേണ്ട തുക റെയിൽവേയ്ക്ക് നൽകുകയും ചെയ്തിരുന്നു. എന്നാൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കുന്നത് നടപ്പാകാതിരുന്നതിനാൽ കല്ലുമലയിലെ റെയിൽവേ ഓവർബ്രിഡ്ജിന് സമാന്തരമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി തേടുകയുണ്ടായി. റെയിൽവേ അധികൃതർ ഈ അനുമതി നിരസിച്ചു. 2020-ൽ ഭരണാനുമതി ലഭിച്ച ജലജീവൻ മിഷൻ പദ്ധതി ഭരണിക്കാവ്, തെക്കേക്കര, വള്ളികുന്നം, കൃഷ്ണപുരം പഞ്ചായത്തുകളിലെ കുടിവെള്ള വിതരണ പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടി കല്ലുമലയിലെ റെയിൽവേ ക്രോസിംഗ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനായി 24-09-2021-ൽ ദക്ഷിണ റെയിൽവേ, തിരുവനന്തപുരം ഉന്നത ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തുകയും കല്ലുമല റെയിൽവേ ഓവർബ്രിഡ്ജ് ഒഴിവാക്കി അതിന് സമാന്തരമായി പഴയ ഓവർബ്രിഡ്ജ് സ്ഥിതിചെയ്യുന്ന സ്ഥലത്തുകൂടി പൈപ്പ് ലൈൻ

ക്രോസ് ചെയ്യുന്നതിനുള്ള ഡിസൈൻ തയ്യാറാക്കി നൽകാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഇതനുസരിച്ച് വേണ്ട മണ്ണുപരിശോധന നടത്തി തയ്യാറാക്കിയ ഡിസൈൻ 17-12-2021-ൽ ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് അംഗീകാരത്തിനായി റെയിൽവേയ്ക്ക് സമർപ്പിച്ചു. റെയിൽവേ നിർദ്ദേശിച്ചതനുസരിച്ച് പുതിയ ഓൺലൈൻ ആപ്ലിക്കേഷൻ 01-02-2022-ൽ സമർപ്പിക്കുകയും തുടർന്ന് സമർപ്പിച്ച സ്ട്രക്ചറിന്റെ ഡിസൈൻ പരിശോധിക്കുന്നതിനുവേണ്ടി 03-02-2022-ൽ ചെന്നൈ ഐ.ഐ.ടി.-യ്ക്ക് നൽകുകയും 12-05-2022-ൽ റെയിൽവേ ഉന്നയിച്ച വിശദീകരണങ്ങൾക്ക് 26-05-2022-ൽ മറുപടി നൽകുകയും തുടർന്ന് 06-06-2022-ൽ റെയിൽവേ തത്വാധിഷ്ഠിത അനുമതി നൽകുകയും വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുവേണ്ട നിർദ്ദേശം ലഭിക്കുകയും ചെയ്തു. വിശദമായ എസ്റ്റിമേറ്റ് 18-06-2022-ൽ ദക്ഷിണ റെയിൽവേ ഡിവിഷൻ മാനേജർക്ക് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുമെന്നുതന്നെയാണ് പൂർണ്ണമായും വിശ്വസിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം അവിടെ വളരെ പെട്ടെന്ന് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. അങ്ങനെ 32

വർഷക്കാലമായി മുടങ്ങിക്കിടന്ന ഈ പദ്ധതി ജലജീവൻ മിഷന്റെ പ്രാധാന്യംകൂടി കണക്കിലെടുത്തുകൊണ്ട് കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കുടിവെള്ളമെത്തിക്കുന്ന സാഹചര്യത്തിൽ ഈ വിഷയത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുമെന്നുതന്നെയാണ് കരുതുന്നത്. അതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

(8) ഗുരുവായൂർ സീവേജ് പദ്ധതി

ശ്രീ. എൻ. കെ. അക്ബർ: സർ, നാല് പതിറ്റാണ്ടുകൾ പഴക്കമുള്ള ഗുരുവായൂർ അഴുക്കുചാൽ പദ്ധതി യാഥാർത്ഥ്യമായി. അത് യാഥാർത്ഥ്യമാക്കുന്നതിന് മുൻകയ്യെടുത്ത സംസ്ഥാന സർക്കാരിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുകയാണ്. എന്നാൽ ഈ പദ്ധതി കമ്മീഷൻ ചെയ്തതോടെ ഇപ്പോൾ ചില പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അതാണ് ഈ സബ്മിഷനാധാരം. ഈ പദ്ധതിയുടെ പല ഘടകങ്ങളും വർഷങ്ങൾക്കുമുമ്പ് നിർമ്മിക്കപ്പെട്ടവയാണ്. ആയതിനാൽ പല വിധത്തിലുള്ള പ്രശ്നങ്ങൾ ഇപ്പോൾ നേരിടുന്നുണ്ട്. ഈ പദ്ധതിയുടെ പ്രധാന പമ്പ് ഹൗസിൽനിന്നും സീവേജ് ശുദ്ധീകരണ ശാലയിലേയ്ക്ക് പമ്പുചെയ്യുന്ന 250 എം.എം. സി.ഐ. പമ്പിംഗ് മെയിൻ കമ്മീഷൻ ചെയ്തതിനുശേഷം

ആറ് തവണ പൊട്ടിയിരുന്നു. സി.ഐ. ക്ലാസ് എൽ.എ. പൈപ്പുകളാണ് പമ്പിംഗ് മെയിനായി ഉപയോഗിക്കുന്നത്. ഇടയ്ക്കിടക്ക് പമ്പിംഗ് മെയിൻ പൊട്ടുന്നതുകാരണം ആധുനികരീതിയിൽ നിർമ്മിച്ച റോഡുകൾ പലയിടങ്ങളിലും പൊളിക്കേണ്ടിവരുന്നു. ഇതുമൂലം പൊതുജനങ്ങളുടെ എതിർപ്പ് പദ്ധതിക്ക് നേരിടേണ്ടിവരുന്നുണ്ട്. ആയതിനാൽ 1800 മീറ്റർ നീളത്തിലുള്ള പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കുന്നത് അത്യാവശ്യമാണ്. ഇതിനായി സ്റ്റേറ്റ് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി രണ്ട് കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. നിലവിലുള്ള ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത് ഗുരുവായൂർ കെ.ഡബ്ല്യൂ.എ. സബ്ഡിവിഷനുകീഴിലുള്ള സെക്ഷനാണ്. നിലവിലുള്ള മെയിന്റനൻസ് വിഭാഗത്തിൽ ഇപ്പോൾത്തന്നെ ജോലിഭാരമുള്ളതിനാൽ സീവേജ് പദ്ധതിയുടെ മേൽനോട്ടത്തിനായി ഒരു സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, ഈ സബ്മിഷൻ വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്. ഗുരുവായൂർ സ്വീവേജുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അര നൂറ്റാണ്ടിന്റെ

കാത്തിരിപ്പിനുശേഷമാണ് ഗുരുവായൂർ നിവാസികൾക്കും തീർത്ഥാടകർക്കും ആശ്വാസമായി ക്ഷേത്രനഗരിയിലെ സ്വീവേജ് പദ്ധതി 16-11-2021-ൽ കമ്മീഷൻ ചെയ്തത്. 1973-ൽ 43.5 ലക്ഷം രൂപ ഭരണാനുമതിയിൽ തുടങ്ങിവച്ച പദ്ധതിയുടെ മാലിന്യ സംസ്കരണശാല ഒഴികെയുള്ള എല്ലാ ഘടകങ്ങളുടെയും 90 ശതമാനം പ്രവൃത്തികൾ 1980-നുമുമ്പ് പൂർത്തീകരിച്ചു. ചക്കംകണ്ടത്ത് സ്ഥാപിക്കാനുദ്ദേശിച്ച നിർമ്മാണം ജനങ്ങളുടെ എതിർപ്പുമൂലം തുടങ്ങാൻ സാധിച്ചില്ല. 5.61 ലക്ഷം രൂപ ചെലവിട്ട് ആധുനികരീതിയിലുള്ള മാലിന്യ സംസ്കരണ ശാലയ്ക്ക് പ്രവർത്തനാനുമതി നൽകി. കാലപ്പഴക്കംചെന്ന സ്റ്റോൺവെയർ പൈപ്പുകൾക്കുപകരം പുതിയ പി.വി.സി. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും മാലിന്യ സംസ്കരണശാലയ്ക്കും മറ്റ് അനുബന്ധ ഘടകങ്ങൾക്കുമായി 12.5 കോടി രൂപയുടെ ഭരണാനുമതി 02-03-2009-ൽ നൽകി. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ സംബന്ധിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ഗുരുവായൂർ സ്വീവേജ് പദ്ധതിയുടെ പൈപ്പ് ശൃംഖല ഏകദേശം 50 വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ചതാണ്. പ്രധാന സ്വീവേജ് കളക്ഷൻ ടാങ്കായ ഒന്നാം വെല്ലിൽനിന്നും ചക്കംകണ്ടത്തെ പ്ലാന്റിലേയ്ക്കുള്ള പ്രധാന പമ്പിംഗ് ലൈനിലാണിത്. 1800 മീറ്റർ നീളത്തിൽ 250 എം.എം.

വ്യാസമുള്ള സി.ഐ. ക്ലാസ് എൽ.എ. പൈപ്പുകളാണ് ഇതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ളത്. പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം നിരീക്ഷണ കാലയളവിൽ ആറ് ലീക്കുകൾ ശ്രദ്ധയിൽപ്പെടുകയും അത് പരിഹരിക്കുകയും ചെയ്തു. ഏകദേശം 1.5 മീറ്റർ ആഴത്തിലാണ് പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ ലീക്കുകൾ സംഭവിച്ചാൽ ആയത് പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. മാത്രമല്ല, ആധുനികരീതിയിൽ പണി കഴിപ്പിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പ് റോഡുകൾ പല ഭാഗങ്ങളിലും വെട്ടിപ്പൊളിക്കേണ്ടതായിവരുന്നതുമൂലം പൊതുജനരോക്ഷം ഉയരുന്നതിനും കാരണമായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി 1800 മീറ്റർ നീളത്തിൽ പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് റോഡ് പുനരുദ്ധാരണ തുക അടക്കം 2.40 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിരീക്ഷണ കാലയളവിൽ ഇനിയും ലീക്കുകൾ ഉണ്ടാകുകയാണെങ്കിൽ സ്റ്റേറ്റ് പ്ലാൻ സ്വീവേജ് ശീർഷകത്തിലുൾപ്പെടുത്തി പ്രസ്തുത പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതാണ്. കൂടാതെ പ്ലാന്റിലേയ്ക്കും പമ്പ് ഹൗസിലേയ്ക്കും ഉപയോഗിക്കുന്ന കാലപ്പഴക്കമുള്ള വിവിധ മോട്ടോറുകൾ യഥാസമയം പവർഹോളിംഗ് ചെയ്ത് ഉപയോഗിക്കുന്നുണ്ടെങ്കിലും ഭാവിയിൽ

ഈ മോട്ടോറുകളും മാറ്റിസ്ഥാപിക്കേണ്ടതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

## (9) കരുനാഗപ്പള്ളി കേരള ഫീഡ്സ് പ്ലാന്റിലെ ജീവനക്കാരുടെ ആവശ്യങ്ങൾ

ശ്രീ. സി. ആർ. മഹേഷ്: സർ, 2009 മുതൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കല്ലേലിഭാഗത്ത് പ്രവർത്തിക്കുന്ന ഒരു ഫാക്ടറിയാണ് കേരള ഫീഡ്സിന്റെ കാലിത്തീറ്റ ഫാക്ടറി. ഈ കമ്പനി ആരംഭിക്കാൻ വേണ്ടി 43 കുടുംബങ്ങൾ സ്ഥലവും വീടും കൊടുത്തു. വിദ്യാഭ്യാസ അടിസ്ഥാനത്തിൽ ജോലി നല്കാമെന്ന വ്യവസ്ഥയിന്മേലായിരുന്നു ഇങ്ങനെ ചെയ്തത്. പക്ഷെ വർഷങ്ങൾ കഴിഞ്ഞിട്ടും നാളിതുവരെയും അവരിൽ ഒരാളെപ്പോലും സ്ഥിരപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ ലഭിക്കുന്ന യാതൊരുവിധ ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നില്ല. അടുത്തകാലത്ത് ഒരാളിനെ ജോലിക്കെടുക്കുകയുണ്ടായി. കരുനാഗപ്പള്ളിയിൽ ഭൂമി കൊടുത്തതിന് തൊടുപുഴയിലാണ് ടിയാളെ ജോലിക്കെടുത്തിരിക്കുന്നത്. കേരള ഫീഡ്സിന്റെ നിർമ്മാണഘട്ടം മുതൽക്കുതന്നെ ജോലി ചെയ്തുകൊണ്ടിരുന്ന 115 തൊഴിലാളികളെ കയറ്റിറക്ക്

വിഭാഗത്തിൽ ജോലിക്കെടുത്തു. അവരുടെയും അവസ്ഥ ഇതുതന്നെയാണ്. ഒരാളിനെപ്പോലും ഇതുവരെയും സ്ഥിരപ്പെടുത്തിയില്ല. ഈയടുത്തിടെ ഒരു തൊഴിലാളി മരണപ്പെട്ടു. അദ്ദേഹത്തിന്റെ കുടുംബത്തിന് എന്തെങ്കിലും തരത്തിലുള്ള ആനുകൂല്യമോ ആശ്രിത നിയമനമോ നാളിതുവരെയും കമ്പനി നല്കിയിട്ടില്ല. മറ്റൊരു തൊഴിലാളി വിരമിക്കുകയുണ്ടായി. ടി തൊഴാലാളിക്കോ അദ്ദേഹത്തിന്റെ കുടുംബത്തിനോ യാതൊരുവിധ ആനുകൂല്യങ്ങളും ഇതുവരെ നല്കിയിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ കാലിത്തീറ്റ ഫാക്ടറിയിലെ മുഴുവൻ തൊഴിലാളികളും അസ്വസ്ഥരാണ്, അവർ നിരാശയിലാണ്, അടിയന്തരമായി പ്രസ്തുത വിഷയത്തിന് പരിഹാരം കാണണം. തൊഴിലാളികൾക്ക് കിട്ടേണ്ട മിനിമം ശമ്പളം, ശതമാനം അടിസ്ഥാനത്തിൽ ബോണസ്, ചികിത്സാ സൗകര്യം, ഐഡന്റിറ്റി കാർഡ്, ലീവ് ആനുകൂല്യം, എഗ്രിമെന്റ് പുതുക്കൽ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി മാനേജ്മെന്റ് മീറ്റിംഗ് നടത്തണമെന്ന് എം.എൽ.എ. എന്ന നിലയിൽ പലതവണ ആവശ്യപ്പെട്ടതാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രിയോടും ഇക്കാര്യം സൂചിപ്പിച്ചതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് തൊഴിലാളി സംഘടനാ

നേതാക്കന്മാരുമായി ചർച്ച ചെയ്ത് തൊഴിൽ പ്രശ്നങ്ങൾക്കും തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്കും പരിഹാരം കാണണമെന്ന് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയുടെ കരുനാഗപ്പള്ളി യൂണിറ്റിൽ കാലിത്തീറ്റയുടെ ഉല്പാദനം ആരംഭിക്കുന്നതിനോടനുബന്ധിച്ച് 2012 മാർച്ചിൽ അന്നത്തെ ബഹുമാന്യനായ കൃഷി-മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയിലെ ആറ് യൂണിയനുകളുമായി ചർച്ചകൾ നടത്തി ഒരു നിശ്ചിത അനുപാതത്തിൽ 115 കയറ്റിറക്ക് തൊഴിലാളികളെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനമെടുക്കുകയുണ്ടായി. ഓരോ യൂണിയനും ലഭിച്ച തൊഴിലാളികളുടെ എണ്ണം ഇപ്രകാരമാണ്. സി.ഐ.ടി.യു. -27, എ.ഐ.ടി.യു.സി. -25, ഐ.എൻ.ടി.യു.സി.-25, ബി.എം.എസ്.-17, യു.ടി.യു.സി-13, എച്ച്.എം.എസ്.-8. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ തൊഴിലാളി യൂണിയനും അവരുടെ നോമിനികളായി നൽകിയ തൊഴിലാളികളെയാണ് കമ്പനിയിൽ

ജോലിയിൽ ഏർപ്പെടുത്തിയിരിക്കുന്നത്. തൊഴിലാളി യൂണിയനുകളുടെ ഡിമാൻഡ് നോട്ടീസിലെ ആവശ്യങ്ങളിന്മേൽ മാനേജ്മെന്റും ട്രേഡ് യൂണിയനുകളും തമ്മിൽ ചർച്ചചെയ്ത് ഒപ്പുവയ്ക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് ഈ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ തീരുമാനിക്കുന്നത്. 2018 ഡിസംബർ മാസത്തിൽ കാലാവധി കഴിഞ്ഞ കരാറിനായുള്ള ഡിമാൻഡ് നോട്ടീസ് യൂണിയനുകൾ 04-01-2020, 13-11-2021 എന്നീ തീയതികളിലായി നല്കിയിട്ടുള്ളതും അതിന്മേൽ ചർച്ച നടന്നുവരികയുമാണ്. പ്രസ്തുത കരാറിലെ വ്യവസ്ഥകൾ പ്രകാരം തൊഴിലാളികളുടെ ബോണസ് തീരുമാനിക്കുന്നത് സർക്കാർതലത്തിൽ വിളിച്ചുകൂട്ടുന്ന യോഗത്തിലെ തീരുമാനമനുസരിച്ചാണ്. നിലവിലുള്ള കരാർ പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് നല്കിവരുന്നു. തൊഴിലാളി യൂണിയനും മാനേജ്മെന്റും തമ്മിൽ ഒപ്പുവയ്ക്കുന്ന കരാർ പ്രകാരമുള്ള കൂലി നിരക്കുകളാണ് തൊഴിലാളികൾക്ക് നല്കിവരുന്നത്.

മി.സ്പീക്കർ: ദീർഘമുള്ള മറുപടിയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് മേശപ്പുറത്തുവയ്ക്കാം.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കമ്പനിയിൽ ജോലി

സമയത്തുണ്ടാകുന്ന അപകടങ്ങൾക്ക് പ്രാഥമിക ചികിത്സയ്ക്കായി കരുനാഗപ്പള്ളിയിലെ എ. എം. ഹോസ്പിറ്റലിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും അപകടം നടക്കുന്ന ദിവസത്തെ പ്രാഥമിക ചികിത്സാ ചെലവ് കമ്പനി വഹിക്കുകയും ചെയ്യുന്നുണ്ട്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(10) ചൂരുപാറ മേഖലയിലെ കൈവശഭൂമിക്ക് പട്ടയം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി സെക്കന്റ് വില്ലേജിലെ മനുഷ്യർ അനുഭവിക്കുന്നൊരു പ്രശ്നത്തിന് അടിയന്തര പരിഹാരം കാണണമെന്നതാണ് ഈ സബ്മിഷൻ. UTT കമ്പനിയിൽനിന്ന് സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയിൽ താമസിച്ചുവരുന്നവർക്ക് പട്ടയം നല്കണമെന്നതാണ് പ്രധാന വിഷയം. 931 കൈവശക്കാരുണ്ടെന്നതാണ് റവന്യൂ രേഖ. അതിൽ 334 പേരുടെ കൈവശം ഒരേക്കറും 413 പേരുടെ കൈവശം അഞ്ചേക്കറിൽ താഴെയുമാണ് ഭൂമി. അഞ്ചേക്കറിൽ താഴെയെന്ന് സൂചിപ്പിക്കുന്നത് കർഷകന്റെ പഴയ അവകാശികളുടെ പേരിൽ കിടക്കുന്നതാണ്. കുടുംബാംഗങ്ങളിൽ മക്കൾ വിവാഹിതരായി വേറെ കുടുംബങ്ങളാണ്. യഥാർത്ഥത്തിൽ എല്ലാവർക്കും ഒരേക്കർ വീതം പട്ടയം ലഭ്യമാക്കിയാൽത്തന്നെ മഹാഭൂരിപക്ഷം വരുന്ന ഈ കൈവശക്കാരുടെ

+ അനുബന്ധമായി ചേർക്കുന്നു.

പ്രശ്നം അതോടുകൂടി പരിഹരിക്കപ്പെടുന്നതാണ്. 346 പേർക്ക് കേരള സർക്കാർ ഓഫർ ഓഫ് അസൈൻമെന്റ് അനുവദിച്ചിട്ട് നിരവധി വർഷങ്ങളായി. അതിൽ 53 പേർക്ക് മാത്രമാണ് പട്ടയ അനുബന്ധ രേഖ കൊടുത്തിട്ടുള്ളത്. വനം വകുപ്പിന്റെയോ മറ്റിതര വ്യക്തികളുടേയോ യാതൊരു തർക്കവും നിലവിലില്ലാത്തതും സംയുക്ത സർവ്വേ പൂർത്തീകരിച്ചിട്ടുള്ളതുമായ ഭൂമിക്കുപോലും പട്ടയം നല്കാതിരിക്കുന്നത് നമ്മുടേതുപോലുള്ള സർക്കാരിന് ഭൂഷണമല്ല. പ്രസ്തുത പട്ടയ വിതരണം തടസ്സപ്പെടുത്താൻവേണ്ടി ചില വൻകിടക്കാർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് പറഞ്ഞുകൊണ്ടാണ് പട്ടയ വിതരണം തടസ്സപ്പെടുത്തുന്നത്. അതുകൊണ്ട് എത്രയുംവേഗം ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നേരിട്ടിടപെട്ട് തർക്കരഹിതവും സർവ്വേ പൂർത്തീകരിച്ചതുമായ ഭൂമിയുടെ പട്ടയം കൈവശക്കാർക്കും കുടുംബാംഗങ്ങൾക്കും മൂന്നുമാസത്തിനകം ലഭ്യമാക്കണമെന്നും അവശേഷിക്കുന്ന ഭൂമിയുടെ സർവ്വേ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): വളരെ ഗൗരവമുള്ളൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. UTT

കമ്പനിയുടെ കൈവശമുള്ളതും സർവ്വേ നമ്പർ 1(1)A-ൽ ഉൾപ്പെട്ടതുമായിട്ടുള്ള 2313.55 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കാൻ ആലത്തൂർ താലൂക്കിൽ ലാൻഡ് ബോർഡ് 2010-ൽ പ്രത്യേക ഉത്തരവുപ്രകാരം തീരുമാനിച്ചിരുന്നു. അംഗം സൂചിപ്പിച്ചതുപോലെ 931 പേർ കൈവശം വച്ചിരിക്കുന്നതിൽ, ഒരേക്കർ ഭൂമി വരെയുള്ള 334 പേരും ഒരേക്കർ മുതൽ 5 ഏക്കർ വരെ ഭൂമി കൈവശമുള്ള 413 പേരുമുണ്ട്. അഞ്ചേക്കറിന് മുകളിൽ ഭൂമി കൈവശമുള്ള 184 പേരുകൂടിച്ചേർന്നാണ് 931 പേർ. അന്യകൈവശത്തോടെയെടുത്ത ഭൂമി മിച്ചഭൂമിയായി കണക്കാക്കുമ്പോൾ നിലവിലെ കൈവശക്കാർക്ക് ഒരേക്കർ വീതം പതിച്ചുനല്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 151 പേർക്ക് 143.30 ഏക്കർ ഭൂമിയും പിന്നീട് 300 പേർക്കായി 257.5 ഏക്കർ ഭൂമിയും ഓഫർ അനുവദിക്കുകയും 151 പേരിൽ 83 പേർക്ക് ഡീഡ് ഓഫ് അസൈൻമെന്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കിഴക്കഞ്ചേരി 1, 2 വില്ലേജുകളിൽപ്പെട്ട സ്ഥലങ്ങളിൽ വനം, റവന്യൂ, സർവ്വേ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി നിക്ഷിപ്ത വന ഭൂമി, മിച്ച ഭൂമി, പട്ടയ ഭൂമി എന്നിവ വേർതിരിച്ച് അതിർത്തി പുനർനിർണ്ണയിക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വേ ടീമിനെ നിയോഗിച്ചിരുന്നു. പ്രസ്തുത ടീം UTT കമ്പനിയുടെ മിച്ച ഭൂമി

അതിർത്തി നിർണ്ണയിക്കുവാനും ഫോറസ്റ്റ് അതിർത്തി വേർതിരിക്കുവാനുമായി ശ്രമിച്ചെങ്കിലും കുടിയേറി ഭൂമി കൈവശം വച്ചിരുന്നവരുടെ സംഘടിതമായ ചെറുത്തുനില്പുണ്ടായിരുന്നതിനാൽ ഒഴിപ്പിക്കാൻ കഴിയാത്തവിധം ക്രമസമാധാന പ്രശ്നങ്ങളുണ്ടായി. WPC 6318/2016 വിധിയിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ 122 കൈവശങ്ങൾ പരിശോധന നടത്തിയതിൽ, വ്യക്തിയുടെ കൈവശമുള്ള സ്ഥലം മിച്ചഭൂമിയിൽ ഉൾപ്പെടുന്നതായും 19 കൈവശങ്ങൾ വനഭൂമിയിൽ ഉൾപ്പെടുന്നതായും കണ്ടെത്തിയിട്ടുണ്ട്. രണ്ടുപേർ ഹാജരാക്കാത്തതുകൊണ്ട് പൂർത്തീകരിച്ചില്ല. എന്നാൽ UTT കമ്പനിയിൽ ഏറ്റെടുത്ത മിച്ചഭൂമിയുടെ സർവ്വേ ജോലിക്ക് നിയോഗിച്ചിരുന്ന സർവ്വേയർമാരെ മറ്റ് താലൂക്കുകളിൽ LRM ജോലിക്കും വനഭൂമി കുടിയേറ്റം കണ്ടെത്തലുമായി ബന്ധപ്പെട്ട സംയുക്ത പരിശോധനയ്ക്കും 2018-ൽ നിയോഗിച്ചതിനാൽ UTT കമ്പനിയിൽ കമ്പനി മിച്ചഭൂമിയിൽ 60% സർവ്വേ മാത്രമേ നടന്നിട്ടുള്ളൂ. ഈ സാഹചര്യത്തിൽ ഡെപ്യൂട്ടി കളക്ടർ എൽ.ആർ. -ന്റെ നേതൃത്വത്തിൽ സർവ്വേ നടപടി പുനരാരംഭിക്കുന്നതിനുവേണ്ടി 25-09-2021-ൽ ഡി.എഫ്.ഒ - നെന്മാറ, സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ - പാലക്കാട്, ഭൂരേഖ തഹസിൽദാർ -

ആലത്തൂർ എന്നിവരുമായി ഓൺലൈൻ യോഗം ചേർന്നിരുന്നു. സർവ്വേ ഉപകരണങ്ങളും ആളുകളും ലഭ്യമല്ലെന്നൊരു പ്രശ്നം വന്നിരുന്നു. ഈ സാഹചര്യത്തിൽ പ്രൈവറ്റ് സർവ്വേയർമാർ ഉൾപ്പെടുന്ന സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർ സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ടീമിനെ നിയോഗിച്ച് സർവ്വേ നടപടികൾ ഏറ്റവും പെട്ടെന്ന് പൂർത്തീകരിക്കാനും നടത്തിത്തീർത്ത 60% സ്ഥലങ്ങളിൽ എം.എൽ.എ. ഉൾപ്പെടെ ഇടപെട്ട് മറ്റുപ്രശ്നങ്ങളില്ലാത്തവിധം സഹായം ലഭ്യമാക്കിയാൽ പട്ടയ വിതരണം നടത്തുവാൻ വളരെ പോസിറ്റീവായ സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.